
ബൈബിൾ ചിത്രകഥ
MAR LOUIS PUBLICATIONS
സാക്ഷികൾ - 2
രക്തസ്നാനം

## ബൈബിൾ ചിത്രകഥ - 47

# രക്തസ്നാനം

കാൽവരിയിലെ രക്തത്തിൽനിന്നു ജനിച്ച സഭ അസംഖ്യം രക്തസാക്ഷികളുടെ സഹനത്തിലൂടെയും മരണത്തിലൂടെയുമാണ് വളർന്നത്. അനന്തമായി നീളുന്ന രക്തസാക്ഷികളുടെ നിരയിൽ പ്രഥമസ്ഥാനമലങ്കരിക്കുന്ന സ്തേഫാനോസിന്റെ വധത്തോടെ ആരംഭിക്കുന്ന ഈ കഥ തടവറയിൽനിന്നു പത്രോസിന്റെ അത്ഭുതകരമായ രക്ഷപ്പെടലോടെ അവസാനിക്കുന്നു. അപ്പസ്തോലപ്രവർത്തനങ്ങൾ 7 - 12 അധ്യായങ്ങളാണ് ഇതിന്റെ അടിസ്ഥാനം.

യഹൂദമതത്തിലുണ്ടായ ഒരു നവീകരണമോ ആ മതത്തിലെതന്നെ ഒരു വിമതവിഭാഗമോ ആയി മാത്രമേ ആദ്യമാദ്യം ക്രിസ്തുസഭ കരുതപ്പെട്ടുള്ളൂ. യേശുക്രിസ്തുവിലൂടെ ദൈവം മാനവചരിത്രത്തിൽ നടത്തിയ നിർണ്ണായകമായ ഇടപെടലിന്റെ ആഴവും വ്യാപ്തിയും ക്രമേണയാണ് ക്രിസ്തു ശിഷ്യന്മാർക്കുപോലും വ്യക്തമായത്. രക്ഷയുടെ സദ്വാർത്ത ലോകമെങ്ങും അറിയിക്കാനുള്ള ദൗത്യം നാഥൻ തങ്ങളെ ഏല്പിച്ചിരിക്കുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നെങ്കിലും വർഷങ്ങളോളം അവരുടെ പ്രവർത്തനങ്ങൾ ജറുസലെമിലും പരിസരങ്ങളിലും മാത്രം ഒതുങ്ങിനിന്നു. കഠിനമായ മതപീഡനമാണ് ശിഷ്യന്മാരെ സുവിശേഷവുമായി ജറുസലെം വിട്ടുപോകാൻ നിർബന്ധിച്ചത്. ദൈവത്തിന്റെ ആത്മാവ് അവരെ വിദൂരങ്ങളിലേക്കു തള്ളിവിടുകയായിരുന്നു. ശിഷ്യന്മാർ ചെന്നിടത്തെല്ലാം സുവിശേഷം പ്രസംഗിച്ചു.

സഭയുടെ സാമ്പത്തിക കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കാൻ വേണ്ടിയാണ് ഡീക്കന്മാർ തിരഞ്ഞെടുക്കപ്പെട്ടത് എങ്കിലും കാലക്രമത്തിൽ അവരും സുവിശേഷപ്രഘോഷണത്തിനായി മുഴുവൻ സമയവും ചിലവഴിച്ചു. കാരണം ദൈവവചനം മനുഷ്യഹൃദയത്തിൽ പരിവർത്തനമുണ്ടാക്കുമ്പോൾ നീതിനിഷ്ഠമായ സമൂഹം താനേ രൂപംകൊള്ളും എന്ന് അവർ ഉറച്ചുവിശ്വസിച്ചു. ഡീക്കന്മാരായ സ്തേഫാനോസിന്റെയും പീലിപ്പോസിന്റെയും ഉദാഹരണങ്ങൾ സുവിശേഷപ്രഘോഷണമാണ് ക്രിസ്തുശിഷ്യന്മാരുടെ മുഖ്യ ദൗത്യം എന്നു തെളിയിക്കുന്നു.

സാവൂളിന്റെ മാനസാന്തരം സഭാചരിത്രത്തിലെതന്നെ ഒരു നാഴികക്കല്ലാണ്. നിയമപണ്ഡിതനും തീക്ഷ്ണമതിയുമായ ആ യഹൂദയുവാവിനെ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തു. ക്രൂശിതനായ നാഥൻ ഇന്നും ജീവിക്കുന്നുവെന്നും തന്റെ ശിഷ്യന്മാരിൽ പീഡ

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

നമേല്ക്കുന്നു എന്നുമുള്ള അറിവ് സാവൂളിനെ പുതിയൊരു മനുഷ്യനാക്കി. അതുല്യനായ ഒരു മിഷനറിയുടെ ജന്മമായിരുന്നു ഡമാസ്കസ് അനുഭവം. യേശുക്രിസ്തു മരിച്ച് മൺമറഞ്ഞ ഒരു ചരിത്രപുരുഷനല്ല, ഇന്നും ജീവിക്കുകയും സഭയിലൂടെ പ്രവർത്തിക്കുകയും ചെയ്യുന്ന ജീവന്റെ നാഥനാണെന്ന് സാവൂളിന്റെയും അതുപോലെ അനേകായിരം ശിഷ്യന്മാരുടെയും അനുഭവങ്ങൾ പഠിപ്പിക്കുന്നു.

റോമൻ ശതാധിപനായ കൊർണേലിയൂസിന്റെ മാനസാന്തരം സഭാചരിത്രത്തിലെ നിർണ്ണായകമായൊരു വഴിത്തിരിവാണ്. രക്ഷ യഹൂദർക്കു മാത്രമല്ല, എല്ലാ ജനതകൾക്കും വേണ്ടിയുള്ളതാണെന്നും ദൈവതിരുമുമ്പിൽ എല്ലാ മനുഷ്യരും തുല്യരാണെന്നും ദൈവം തന്നെയാണ് പത്രോസിനു വെളിപ്പെടുത്തിക്കൊടുക്കുന്നത്. സഭയുടെ ദൃശ്യമായ ചട്ടക്കൂടുകൾക്കു പുറത്തും ദൈവത്തിന്റെ ആത്മാവു പ്രവർത്തിക്കുന്നുണ്ട്. ആത്മാവിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുകയല്ല, അതു കണ്ടറിഞ്ഞ് ചട്ടക്കൂടുകളെ അതിനനുസരിച്ചു ക്രമപ്പെടുത്തുകയാണു വേണ്ടതെന്ന് ഈ സംഭവം പഠിപ്പിച്ചു.

ഇതു മനസ്സിലാക്കാൻ സഭാസമൂഹത്തിന് ഏറെക്കാലം വേണ്ടിവന്നു. പത്രോസിന് ശിഷ്യസമൂഹത്തിൽ നിന്ന് അനുഭവിക്കേണ്ടിവന്ന എതിർപ്പുകൾ ഇതിനു തെളിവാണ്. മാമ്മോദീസാ സ്വീരിക്കുന്നതിനുമുൻപു പരിശുദ്ധാത്മാവിനെ സ്വീകരിച്ച വിജാതീയരിലൂടെയാണ് സഭാധികാരികൾ ഈ സത്യം മനസ്സിലാക്കിയത്.

ആത്മാവിന്റെ പ്രചോദനത്തിനു പൂർണ്ണമായി സ്വയം സമർപ്പിക്കുന്ന വ്യക്തികളിലൂടെയാണ് ഇന്നും സുവിശേഷപ്രഘോഷണം വിജയം വരിക്കുന്നത്. യഥാർത്ഥ ക്രിസ്തുശിഷ്യന്മാർക്ക് പീഡനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. എന്നാൽ പീഡനങ്ങൾ സുവിശേഷത്തിന്റെ മുന്നേറ്റത്തിന് സഹായകമാവുകയേ ഉള്ളൂ. ജലത്താലും ആത്മാവിനാലും സ്നാനം സ്വീകരിച്ചവർ, നാഥനെപ്പോലെ സുവിശേഷത്തിനുവേണ്ടി സ്വന്തം രക്തത്തിലുള്ള സ്നാനം സ്വീകരിക്കാൻ സന്നദ്ധരാവുമ്പോൾ യേശുവിലൂടെ ലഭ്യമായ രക്ഷയിൽ ലോകം മുഴുവൻ പങ്കുചേരും.

## ചോദ്യങ്ങൾ

1. സ്തേഫാനോസിനെതിരേ കൊണ്ടുവന്ന മുഖ്യ ആരോപണങ്ങൾ ഏവ?
2. ആരായിരുന്നു സാവൂൾ?
3. സാവൂൾ ക്രിസ്ത്യാനികൾക്കെതിരേ കൊണ്ടുവന്ന ആരോപണമെന്ത്?
4. സമരിയാക്കാർ എപ്പോഴാണ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞത്?
5. സാവൂളിന്റെ മാനസാന്തരം വിവരിക്കുക.
6. ഡമാസ്കസ് അനുഭവത്തിൽനിന്ന് പൗലോസിനു ലഭിച്ച ഉൾക്കാഴ്ച എന്ത്?
7. ദൈവതിരുമുമ്പിൽ എല്ലാവരും തുല്യരാണെന്ന് പത്രോസ് മനസ്സിലാക്കിയതെങ്ങനെ?
8. കൊർണെലിയൂസിന്റെ മാനസാന്തരം വിവരിക്കുക.
9. ജറുസലെമിലെ ശിഷ്യന്മാർ പത്രോസിനെ ചോദ്യം ചെയ്തത് എന്തുകൊണ്ട്?
10. യാക്കോബിനെ വധിക്കുകയും പത്രോസിനെ തടവിലാക്കുകയും ചെയ്ത രാജാവ് ആര്?

# ബൈബിൾ ചിത്രകഥ-47

## സാക്ഷികൾ -2

# രക്തസ്നാനം

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

യഹൂദനേതാക്കന്മാർ ഡീക്കന്മാരിൽ പ്രമുഖനായ സ്തേഫാനോസിനെ ബന്ധിച്ച് സാൻഹദ്രിന്റെ മുമ്പിൽ ഹാജരാക്കി.




സഹോദരന്മാരേ, പിതാക്കന്മാരേ, നമ്മുടെ പിതാവായ അബ്രാഹത്തെ ഹാരാനിൽവച്ചു ദൈവം വിളിച്ചു. അവന്റെ സന്തതിയിലൂടെ ലോകജനതകൾ മുഴുവൻ അനുഗ്രഹീതമാകും എന്നു വാഗ്ദാനം ചെയ്തു.
ഇസ്രായേൽ ചരിത്രം ചുരുക്കമായി അവതരിപ്പിച്ചശേഷം
മർക്കടമുഷ്ടിക്കാരേ, നിങ്ങൾ എല്ലായ്പോഴും പരിശുദ്ധാത്മാവിനോട് മല്ലടിക്കുന്നു. നിങ്ങളുടെ പിതാക്കന്മാരെപ്പോലെ തന്നെ നിങ്ങളും.
ഏതു പ്രവാചകനുണ്ട് നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിക്കാത്തതായി? നീതിമാന്റെ ആഗമനം മുൻകൂട്ടി അറിയിച്ചവരെ അവർ കൊലപ്പെടുത്തി.
ദൈവദൂതന്മാരിൽനിന്നു നിയമം ലഭിച്ച നിങ്ങൾ ദൈവത്തിന്റെ പുത്രനെ ഒറ്റിക്കൊടുത്തു, കുരിശിൽ തറച്ചുകൊന്നു.
ദൈവദൂഷണം! ഇവനെ ഇനിയും സംസാരിക്കാൻ അനുവദിക്കരുത്.




അവർ സ്തേഫനോസിനെ നഗരത്തിനു പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു. സാക്ഷികൾ തങ്ങളുടെ പുറങ്കുപ്പായം സാവൂൾ എന്ന യുവപണ്ഡിതന്റെ കാല്ക്കൽ അഴിച്ചുവച്ചു. അയാളാണ് വധശിക്ഷയ്ക്കു മേൽനോട്ടം വഹിച്ചത്.




ആ ഗലീലേയർക്കെല്ലാം ഇതൊരു പാഠമാകും.
എന്നാലും മരിക്കുമ്പോഴും ആ മുഖത്തെന്തൊരു ശാന്തത! അതെന്നെ ഭയപ്പെടുത്തുന്നു.
!?
തന്നെ കൊല്ലുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാൻ അവനെങ്ങനെ കഴിഞ്ഞു?
നിങ്ങളും പതറുകയാണോ?


മോശവഴി ദൈവം നമുക്കു നല്കിയതാണ് ഉടമ്പടിയും നിയമങ്ങളും. അതിനെതിരു നില്ക്കുന്നവൻ ആരായാലും ദൈവത്തിന്റെ ശത്രുവാണ്.
റബ്ബി സാവൂൾ പറഞ്ഞതാണ് ശരി.


ആ നസ്രായന്റെ അനുയായികൾ പരിശുദ്ധനിയമം ലംഘിക്കുന്നു. അവരെ ഒന്നുകിൽ നേർവഴിക്കു കൊണ്ടുവരുക. അല്ലെങ്കിൽ ഉന്മൂലനം ചെയ്യുക.
അവർ ആയിരങ്ങളുണ്ട്. അവരെയെല്ലാം ഇതുപോലെ കൊന്നു കളയാൻ പറ്റുമോ?


ആയിരമല്ല, പതിനായിരമാണെങ്കിലും നമ്മൾ അവരെ നേരിടും. വേണ്ടിവന്നാൽ ഇസ്രായേൽ ജനം ഒറ്റക്കെട്ടായിനിന്ന് പോരാടും. മക്കബായരുടെ കാലത്തെന്നപോലെ.
ഇവിടെ നമ്മുടെ പരിശുദ്ധ നിയമവും പാരമ്പര്യങ്ങളുമാണ് ചവിട്ടിമെതിക്കപ്പെടുന്നത്.
മാത്രമല്ല, ഇസ്രായേലന്റെ അടിസ്ഥാനവിശ്വാസമാണവർ തകർക്കാൻ നോക്കുന്നത്. യാഹ്‌വെയ്ക്കൊപ്പം മറ്റൊരു ദൈവം കൂടിയുണ്ടെന്നല്ലേ അവർ പഠിപ്പിക്കുന്നത്.
?!
കുരിശിൽ മരിച്ച ആ ശപിക്കപ്പെട്ടവൻ ദൈവമാണുപോലും.
ഇതു ഭ്രാന്താണ്.
ആ ഭ്രാന്തിനറുതി വരുത്തിയേ മതിയാകൂ.
അങ്ങയുടെ ഗുരുനാഥനായ റബ്ബി ഗമാലിയേൽ ആ നസ്രായന്റെ അനുഭാവിയാണെന്നു സംസാരമുണ്ട്.
വിശ്വാസത്തിന്റെ പ്രശ്നമാണിത്. ചിലപ്പോൾ ഗുരുവിനെയും മറികടക്കേണ്ടിവരും.


ശിഷ്യന്മാർ സ്തേഫനോസിനെ സംസ്ക്കരിച്ചു.
ഓ, സ്തേഫനോസ്, എത്രക്രൂരമായി അവർ നിന്നെ വധിച്ചു.
നമുക്കാർക്കും അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല.
കർത്താവിനുവേണ്ടി ജീവൻ ത്യജിക്കാൻ ആദ്യമായി ഭാഗ്യം ലഭിച്ച സ്തേഫനോസ് അനുഗൃഹീതനാണ്. അവൻ നമുക്കെല്ലാം മാതൃകയും പ്രചോദനവുമാണ്.
ആ സാവൂൾ ഒരു സംഹാരമൂർത്തിയായിത്തീർന്നിരിക്കുന്നു. നമ്മുടെ ആൾക്കാരെ തിരഞ്ഞെടുത്തു പിടിച്ചു നശിപ്പിക്കാനാണു ശ്രമം.
ആരാണീ സാവൂൾ?
ടാർസൂസിൽ നിന്നുള്ള ഒരു യുവാവ്, ഫരിസേയൻ. റോമൻ പൗരത്വമുണ്ടെന്നു പറയുന്നു.
ഇവിടെ റബ്ബി ഗമാലിയേലിന്റെ കൂടെ നിയമം പഠിക്കാൻ വന്നതാണ്. കുശാഗ്രബുദ്ധി. നിയമത്തിനുവേണ്ടി മരിക്കാനും കൊല്ലാനും ഒരുക്കം.
സ്തേഫനോസിനോടു മാത്രമേ അവൻ വാദത്തിൽ തോറ്റുള്ളൂ. അതിന്റെ പകയും ഉണ്ടെന്നു തോന്നുന്നു.
!


സാൻഹെദ്രിനിൽ അംഗമത്വമില്ലെങ്കിലും നിയമകാര്യങ്ങളിൽ പ്രധാന പുരോഹിതൻ പോലും അവന്റെ അഭിപ്രായം അന്വേഷിക്കുന്നു.
നമുക്കെതിരേയുള്ള നീക്കങ്ങൾക്ക് ഇപ്പോൾ നേതൃത്വം നല്കുന്നത് അവനാണ്.
നമ്മുടെ ആൾക്കാർ, പ്രത്യേകിച്ച, ഗ്രീക്കുകാർ, കഴിയുന്നതും വേഗം ജറുസലെം വിടുന്നതാണ് നല്ലത്.
ഒരു പട്ടണത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ അടുത്ത പട്ടണത്തിലേക്ക് ഓടി പോകാൻ കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്.
സാവൂൾ വീടുകൾതോറും കയറിയിറങ്ങി യേശുവിന്റെ ശിഷ്യന്മാരെ വലിച്ചിഴച്ച് കാരാഗൃഹത്തിലടച്ചു.
ങ്ഹും നടക്ക്.
!


ജറുസലെമിൽനിന്നു ചിതറിപ്പോയ ശിഷ്യന്മാർ സമറിയായിലും ഗലീലിയായിലും സിറിയായുടെ പലഭാഗങ്ങളിലും പോയി താമസിച്ചു. ചെന്നിടത്തെല്ലാം അവർ യേശുവിനെക്കുറിച്ചു പ്രസംഗിച്ചു. ഡീക്കൻ പീലിപ്പോസ് സമറിയായിലെ ഒരു നഗരത്തിൽ
സഹോദരങ്ങളേ, മോശയെ പോലെ ഒരു പ്രവാചകനെ ദൈവം അയയ്ക്കും എന്നു നിങ്ങളും വിശ്വസിക്കുന്നുണ്ടല്ലോ.
നിങ്ങൾ യഹൂദർ അവനെ മിശിഹാ എന്നു വിളിക്കുന്നു. ഞങ്ങൾ അവനെ "താഹെബ്" (വരാനിരിക്കുന്നവൻ) എന്നാണ് വിളിക്കുന്നത്.
ഇനി യഹൂദരെന്നോ സമറിയാക്കാരെന്നോ വ്യത്യാസമില്ല. അവൻ വന്ന് എല്ലാവരെയും ഒന്നിപ്പിച്ചു കഴിഞ്ഞു.
ആരാണവൻ?
നസ്രത്തിൽനിന്നുള്ള യേശു. യഹൂദർ അവനെ കുരിശിൽ തറച്ചുകൊന്നു. ദൈവം അവനെ ഉയിർപ്പിച്ചു.
!!!
എന്നിട്ട് ഇപ്പോൾ എവിടെയാണവൻ?


അവൻ നമ്മുടെ ഇടയിലുണ്ട്. ഈ സമൂഹത്തിലും. നമുക്കവനെ കാണാനാവില്ലെങ്കിലും അവന്റെ ആത്മാവ് ഇവിടെ പ്രവർത്തിക്കുന്നു.
യേശുവിനെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. ജന്മനാ കുരുടനായ ഞാൻ അവനെ അന്വേഷിച്ചലഞ്ഞിട്ടുണ്ട്. പക്ഷേ ഒരിക്കലും ആ തിരുസന്നിധിയിലെത്താൻ കഴിഞ്ഞില്ല. അവൻ ഇവിടെയുണ്ടെങ്കിൽ എനിക്കു കാഴ്ചതരട്ടെ.
!
കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നിനക്കു കാഴ്ച ലഭിക്കട്ടെ.
എനിക്കു കാണാം. കർത്താവായ യേശു ഇവിടെയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.
?!!!
സഹോദരാ ഞങ്ങൾ എന്തു ചെയ്യണം?
യേശുക്രിസുതുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിക്കുവിൻ.



സമറിയാക്കാരുടെ മാനസാന്തരത്തെക്കുറിച്ചുകേട്ട് അപ്പസ്തോലന്മാർ പത്രോസിനെയും യോഹന്നാനെയും അങ്ങോട്ടയച്ചു.
സഹോദരങ്ങളേ, മരണത്തിൽനിന്ന് ഉത്ഥാനം ചെയ്ത കർത്താവായ യേശുക്രിസ്തു പരിശുദ്ധാത്മാവിനെ തന്റെ ശിഷ്യന്മാരുടെമേൽ വർഷിച്ചു.
ആ പരിശുദ്ധാത്മാവിനെ നിങ്ങൾക്കും ലഭിക്കുന്നതിനായി കൈവച്ചു പ്രാർത്ഥിക്കാൻ വേണ്ടിയാണ് ഞങ്ങൾ വന്നിരിക്കുന്നത്.
കർത്താവായ യേശുവേ, അങ്ങു നല്കിയ വാഗ്ദാനമനുസരിച്ച് പരിശുദ്ധാത്മാവിനെ ഈ സഹോദരങ്ങളുടെ മേൽ സമൃദ്ധമായി അയയ്ക്കണമേ. അവർ...
ഹല്ലേലുയ്യാ. സ്തോത്രം.... കർത്താവായ യേശുവേ സ്തോത്രം.
അവർ പരിശുദ്ധാത്മാവിനാൽ പൂരിതരായി.


എത്യോപ്യാ രാജ്ഞിയുടെ ഭണ്ഡാരവിചാരിപ്പുകാരൻ ജറുസലെമിൽ ആരാധിക്കാൻ പോയിട്ടു സ്വന്തരാജ്യത്തേക്കു മടങ്ങുകയായിരുന്നു.
"കൊലയ്ക്കു കൊണ്ടുപോകുന്ന ആടിനെപ്പോലെയും അവമാനിതനായ അവന് നീതി നിഷേധിക്കപ്പെട്ടു."


പരിശുദ്ധാത്മാവിനാൽ പ്രേരിതനായ ഡീക്കൻ പീലിപ്പോസ് രഥത്തെ സമീപിച്ചു.
വായിക്കുന്നത് നിനക്കു മനസ്സിലാകുന്നുണ്ടോ?
ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ ഇതെങ്ങനെ മനസ്സിലാക്കാനാവും? ആരെക്കുറിച്ചാണ് പ്രവാചകൻ പറയുന്നത്?


ഇതൊരു പ്രവചനമാണ്. നസ്രത്തിലെ യേശുവിൽ പൂർത്തിയായ പ്രവചനം.
രഥത്തിൽ കയറി എന്റെ അടുത്തിരിക്കൂ. ഇതു വിശദമായി മനസ്സിലാക്കാൻ എനിക്കാഗ്രഹമുണ്ട്.
!


പീലിപ്പോസ് യേശുവിനെ കുറിച്ചു വിശദമായി പഠിപ്പിച്ചു.
അതാ ഒരു പുഴ യേശു ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു എന്നെ സ്നാനപ്പെടുത്താൻ ഇനി എന്താ തടസ്സം?
!


പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ സ്നാനപ്പെടുത്തുന്നു.


എത്യോപ്യക്കാരൻ സന്തോഷത്തോടെ സ്വന്തം നാട്ടിലേക്കു തിരിച്ചുപോയി; പീലിപ്പോസ് സുവിശേഷം പ്രസംഗിച്ചുകൊണ്ട് കേസറിയായിലേക്കും.



ഏതു വിധേനയും ക്രിസ്തു ശിഷ്യന്മാരെ ഉന്മൂലനം ചെയ്യാൻ പ്രതിജ്ഞയെടുത്ത സാവൂൾ പ്രധാന പുരോഹിതന്റെ മുമ്പിൽ
ആ നസ്രായന്റെ ശിഷ്യന്മാർ പലസ്തീനായ്ക്കു പുറത്തു താമസിക്കുന്ന യഹൂദരെയും വഴി തെറ്റിക്കുന്നു.
ഈ വിശുദ്ധ നഗരത്തിൽ പോലും അവരെ നിയന്ത്രിക്കാൻ നമുക്കു കഴിയുന്നില്ലല്ലോ.
ഇവിടെ അവർ യേശുവിനെ ക്രിസ്തുവായി ഏറ്റുപറയുന്നതൊഴിച്ചാൽ നമ്മുടെ നിയമങ്ങളെല്ലാം കണിശമായി അനുസരിക്കുന്നുണ്ട്.
എല്ലായിടത്തും അതല്ലേ അവർ ചെയ്യുന്നത്?
ആ സ്തേഫാനോസിന്റെ കൂട്ടരാണ് കുഴപ്പക്കാർ. അവർ മോശയുടെ നിയമം അനുസരിക്കേണ്ടതില്ല എന്നാണു പഠിപ്പിക്കുന്നത്.
പലസ്തീനായ്ക്കു പുറത്ത് നമുക്ക് അധികാരമില്ലല്ലോ.
യഹൂദർ ലോകത്തെവിടെ ജീവിച്ചാലും യഹൂദരാണ്. അവരുടെ മേൽ പരമാധികാരമുള്ളത് പ്രധാന പുരോഹിതനായ അങ്ങേയ്ക്കാണ്.
സാവൂൾ, നീ എന്താണുദ്ദേശിക്കുന്നത്?


ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ള യഹൂദരെയെല്ലാം വിട്ടുതരണം എന്ന് അങ്ങ് ഡമാസ്കസിലെ സിനഗോഗധികാരികൾക്കെഴുതണം.
അവർ അനുസരിക്കുമോ?
അങ്ങു പതറരുത്. എനിക്ക് അധികാരപത്രം തരൂ. ദേവാലയസേനയുടെ ഒരു വിഭാഗത്തെയും എനിക്കു വിട്ടുതരണം.
എന്നിട്ട്?
ഡമാസ്കസിലെ സകല മാർഗ്ഗവാസികളെയും ഞാൻ ബന്ധിച്ച് ജറുസെലമിലെത്തിക്കാം. വേണ്ടിവന്നാൽ റോമാക്കാരുടെ സഹായവും തേടാം.
കത്തുകൾ രാവിലെ തയ്യാറാവും. എന്നാലും ബലപ്രയോഗം ഒഴിവാക്കുന്നതാണു നല്ലത്.
നിയമം ലംഘിക്കുകയും ലംഘിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരേ മോശ കല്പിച്ചിരിക്കുന്ന ശിക്ഷ അങ്ങേയ്ക്കറിയാമല്ലോ– ഉന്മൂലനം ചെയ്യുക.


സാവൂളും സംഘവും ഡമാസ്ക്കസിനെ സമീപിച്ചപ്പോൾ
?
സാവൂൾ, നീ എന്തിനെന്നെ പീഡിപ്പിക്കുന്നു.
!?
കർത്താവേ, അങ്ങ് ആരാണ്?
നീ പീഡിപ്പിക്കുന്ന യേശുവാണു ഞാൻ. എഴുന്നേറ്റു നഗരത്തിലേക്കു പോവുക. നീ എന്തു ചെയ്യണമെന്ന് അവിടെവച്ച് നിന്നെ അറിയിക്കും.
?!


കൂടെ ഉണ്ടായിരുന്നവർ സ്വരം കേട്ടെങ്കിലും ഒന്നും മനസ്സിലാക്കിയില്ല.
എന്താണിത്? സാവൂൾ, അങ്ങേക്ക് എന്തു സംഭവിച്ചു?
എനിക്കൊന്നും കാണാൻ കഴിയുന്നില്ല. എന്നെ പട്ടണത്തിലേക്കു നയിക്കൂ.
കാഴ്ച നഷ്ടപ്പെട്ട സാവൂൾ
സാവൂൾ, എണീറ്റു ഭക്ഷിക്കൂ! മൂന്നു ദിവസമായല്ലോ നീ എന്തെങ്കിലും കഴിച്ചിട്ട്.
വേണ്ടാ.
ഡമാസ്കസിൽ താമസിച്ചിരുന്ന അനനിയാസ് എന്ന ശിഷ്യന് ഒരു ദർശനമുണ്ടായി
അനനിയാസ്
കർത്താവേ, ഇതാ ഞാൻ
നീ വേഗം “നേർവഴി” എന്ന തെരുവിൽ യൂദാസിന്റെ വീട്ടിലേക്കു ചെല്ലുക. അവിടെ താർസോസുകാരൻ സാവൂളിനെ അന്വേഷിക്കുക.



കർത്താവേ, അവൻ അങ്ങയുടെ ശിഷ്യന്മാരെ നശിപ്പിക്കാൻ കച്ച കെട്ടി ഇറങ്ങിയിരിക്കുകയല്ലേ?
വിജാതീയരുടെയും രാജാക്കന്മാരുടെയും മുമ്പിൽ എനിക്കു സാക്ഷ്യം വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണവൻ. എന്റെ നാമത്തെ പ്രതി അവൻ ഏറെ സഹിക്കേണ്ടിവരും.
കർത്താവു പറഞ്ഞതനുസരിച്ച് അനനിയാസ് പുറപ്പെട്ടു.
സഹോദരാ, സാവൂൾ, നിനക്കു കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനും വേണ്ടി കർത്താവായ യേശുവാണ് എന്നെ അയച്ചത്.
സാവൂളിന്റെ കണ്ണിൽനിന്ന് ചെതുമ്പൽ പോലെ എന്തോ ഒന്ന് അടർന്നുവീണു. അവനു കാഴ്ച ലഭിച്ചു.
കർത്താവായ യേശുവേ..
?!!!


സാവൂൾ കുറച്ചുദിവസം ഡമാസ്കസിലെ ശിഷ്യന്മാരോടുകൂടെ താമസിച്ചു.
സഹോദരങ്ങളേ, നിങ്ങൾ എന്നോടു കാണിച്ച സ്നേഹത്തിനു ഞാൻ നന്ദിയുള്ളവനാണ്.
കർത്താവായ യേശു നിനക്കു സ്വയം വെളിപ്പെടുത്തിത്തന്നതിൽ ഞങ്ങൾക്ക് എത്ര സന്തോഷമുണ്ടെന്നോ!
ലോകത്തിന്റെ അതിർത്തികൾവരെ അവന്റെ നാമം എത്തിക്കാൻ വേണ്ടിയാണ് നിന്നെ തിരഞ്ഞെടുത്തത്.
ആ മൂന്നുദിവസത്തെ അന്ധത എന്റെ പഴയജീവിതത്തിന്റെ മുഴുവൻ പ്രതീകമാണ്. ഇപ്പോൾ എല്ലാം ഒരു പുതിയ വെളിച്ചത്തിൽ ഞാൻ കാണുന്നു.
എനിക്കു കുറച്ചുനാൾ ഏകാഗ്രമായി പ്രാർത്ഥിക്കണം. ഞാൻ അറേബ്യയിലേക്കു പോവുകയാണ്.
സഹോദരാ, കർത്താവു നയിക്കുന്നിടത്തേക്കു പോവുക. ഞങ്ങളുടെ പ്രാർത്ഥന നിന്റെ കൂടെ ഉണ്ടായിരിക്കും.


പത്രോസ് ശിഷ്യസമൂഹങ്ങളെ സന്ദർശിച്ച് അവരെ വിശ്വാസത്തിൽ ഉറപ്പിച്ചു കൊണ്ട് ചുറ്റിസഞ്ചരിച്ചു. യോപ്പായിൽ എത്തിയപ്പോൾ
സഹോദരാ, കർത്താവാണ് നിന്നെ ഇപ്പോൾ ഇങ്ങോട്ടയച്ചത്.
നമ്മുടെ സഹോദരി തബീത്താ ഇന്നു രാവിലെ മരിച്ചു. നീ വന്ന് അവളുടെ മേൽ കൈവച്ചു പ്രാർത്ഥിക്കണം.
തബീത്താ ഞങ്ങൾക്കെല്ലാം അമ്മയും സഹോദരിയുമായിരുന്നു. ഈ ഉടുപ്പ് സ്വന്തം കൈകൊണ്ട് തുന്നിത്തന്നതാണ്.
വിശക്കുന്നവർക്കെല്ലാം അവൾ ആഹാരം നല്കിയിരുന്നു.
എല്ലാവരും പുറത്തു പോകുവിൻ.
പ്രാർത്ഥനയ്ക്കുശേഷം
തബീത്താ, എഴുന്നേല്ക്കൂ!


ജീവന്റെ നാഥനായ യേശുക്രിസ്തു ഈ സഹോദരിക്കു ജീവൻ വീണ്ടും നല്കിയിരിക്കുന്നു. അവനിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും.
കർത്താവായ യേശുവേ, അങ്ങേയ്ക്കു സ്തുതി.
പട്ടണത്തിൽ മുഴുവൻ ഇതു സംസാരവിഷയമായി.
നീ കേട്ടോ, മരിച്ചുപോയ തബീത്തായെ പത്രോസ് എന്നൊരാൾ ജീവിപ്പിച്ചത്രേ.
ഞാനും കേട്ടു. എന്നാൽ ജീവിപ്പിച്ചത് പത്രോസല്ല, യേശുക്രിസ്തുവാണ്.
മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളതു ദൈവത്തിനുമാത്രമല്ലേ?
മനുഷ്യനായി അവതരിച്ച ദൈവപുത്രനാണവൻ എന്നാണ് അവന്റെ ശിഷ്യർ പറയുന്നത്.


എന്നാൽ അവനെക്കുറിച്ചു കൂടുതൽ അറിയണം.
അവന്റെ ശിഷ്യന്മാരോടു ചോദിച്ചാൽ മതി. യേശുവിന്റെ ശിഷ്യന്മാരായിത്തീരുന്ന മനുഷ്യരിലെല്ലാം എന്തോ ഒരു പ്രത്യേകത കാണാം.
ഞാനും അതു ശ്രദ്ധിക്കാതിരുന്നില്ല. ചെരുപ്പുകുത്തി ശിമയോനില്ലേ? സ്ഥിരം വീഞ്ഞുകുടിയും ചീത്തവിളിയുമായി നടന്നവൻ.
ശരിയാണ്. അയാൾ ഇപ്പോൾ എത്ര മാറിയിരിക്കുന്നു! ഇപ്പോൾ കുടിയില്ല; വഴക്കില്ല, വഞ്ചനയുമില്ല.
അതുപോലെ എത്രപേർ! എന്തൊരു സന്തോഷമാണവർക്ക്. എത്ര സ്നേഹമാണവർ തമ്മിൽ.
എന്താണീ മാറ്റത്തിന്റെ രഹസ്യം?
ആ ശിമയോന്റെ വീട്ടിലാണ് പത്രോസ് താമസിക്കുന്നത്. നമുക്കു ചെന്നുകണ്ടു സംസാരിക്കാം.
എന്നാൽ ഇനി വൈകേണ്ടാ. യേശുവിനെക്കുറിച്ചു കൂടുതൽ അറിയണം.


യോപ്പായിലും സമീപപ്രദേശങ്ങളിലും അനേകംപേർ ക്രിസ്തുമതം സ്വീകരിച്ചു. പത്രോസ് കുറച്ചുനാൾ ശിമയോന്റെ വീട്ടിൽ താമസിച്ചു. ഒരു ദിവസം ഉച്ചയ്ക്ക്
ശിമയോൻ, ഞാൻ മട്ടുപ്പാവി ലേക്കു പോവുകയാണ്. അല്പ സമയം പ്രാർത്ഥിക്കണം.
എന്താണിന്നിത്ര അസാധാരണമായ വിശപ്പ്?
പെട്ടെന്ന്
പത്രോസേ, എഴുന്നേറ്റ് ഇവയെ കൊന്നു ഭക്ഷി ക്കുക.
ദൈവം വി ശുദ്ധീകരി ച്ചവ അശുദ്ധ മെന്നു നീ കരുതരുത്.
കർത്താവേ, അശുദ്ധ മായതൊന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല.



ഈ ദർശനം മൂന്നുതവണ ആവർത്തിക്കപ്പെട്ടു. അപ്പോൾ –
സഹോദരാ, നിന്നെ അന്വേഷിച്ച് കേസറിയായിൽനിന്ന് രണ്ടു റോമൻ പടയാളികൾ വന്നിരിക്കുന്നു.
ഞാൻ താഴേക്കു വരാം.
താങ്കളാണോ പത്രോസെന്നു വിളിക്കപ്പെടുന്ന ശിമയോൻ?
അതെ, ഞാൻതന്നെ. നിങ്ങൾക്കെന്താണു വേണ്ടത്?
കേസറിയായിൽ വസിക്കുന്ന കൊർണേലിയൂസ് എന്ന ശതാധിപന്റെ സേവകരാണു ഞങ്ങൾ.
അദ്ദേഹത്തിനുണ്ടായ ഒരു ദർശനം അനുസരിച്ചാണ് ഞങ്ങൾ വന്നത്.
അങ്ങു ഞങ്ങളുടെ കൂടെ വരണം എന്ന് ഞങ്ങളുടെ യജമാനൻ അപേക്ഷിക്കുന്നു.
കർത്താവായ യേശുക്രിസ്തുവാണ് നിങ്ങളെ അയച്ചത്. നമുക്കു പോകാം.


പത്രോസ് കൊർണേലിയൂസിന്റെ വീട്ടിൽ പ്രവേശിച്ചപ്പോൾ
സഹോദരാ, എഴുന്നേല്ക്കൂ. ഞാൻ വെറും മനുഷ്യനാണ്.
നാലുദിവസംമുമ്പ് എനിക്കൊരു ദർശനമുണ്ടായി. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന്.
കൊർണേലിയൂസേ, നിന്റെ പ്രാർത്ഥന ദൈവം കേട്ടു. നിന്റെ ദാനധർമ്മങ്ങൾ ദൈവം കണ്ടു. നീ യോപ്പായിലേക്ക് ആളയച്ച് ശിമയോൻ പത്രോസിനെ വരുത്തുക.


പ്രഭോ, അങ്ങുവന്നതിൽ ഞങ്ങളെല്ലാം സന്തുഷ്ടരാണ്. ദൈവം അങ്ങയോടു കല്പിച്ചിട്ടുള്ളതെല്ലാം ഞങ്ങളോടു പറയൂ.
ദൈവത്തിനു മുഖം നോട്ടമില്ല. അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്നവർ ഏതു ജാതിയിൽപെട്ടവരാണെങ്കിലും ദൈവത്തിനു സ്വീകാര്യരാണ്.
ദൈവം കർത്താവായ യേശുക്രിസ്തുവിലൂടെ സമാധാനത്തിന്റെ സുവിശേഷം വിളംബരം ചെയ്തു. അവൻ നന്മ പ്രവർത്തിച്ചുകൊണ്ട് പലസ്തീനായിലുടനീളം ചുറ്റി സഞ്ചരിച്ചു.
യഹൂദർ അവനെ കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവം അവനെ ഉയിർപ്പിച്ചു. അവനിൽ വിശ്വസിക്കുന്നവർക്കു പാപമോചനവും നിത്യജീവനും ലഭിക്കും.
ഹല്ലേലുയ്യാ... കർത്താവായ യേശുക്രിസ്തുവിനു സ്തോത്രം.


പത്രോസ് തന്റെ കൂടെ ഉണ്ടായിരുന്ന യഹൂദ ക്രൈസ്തവരോട്.
ഇതാ പന്തക്കുസ്താദിവസം നമ്മുടെ മേൽ എന്നപോലെ ഈ വിജാതീയരുടെമേലും പരിശുദ്ധാത്മാവ് വന്നിരിക്കുന്നു.
ഇവർ സ്നാനം സ്വീകരിച്ചില്ലല്ലോ.
ഇനി നാം എന്തിനു മടിക്കുന്നു? ഇവരെയെല്ലാം ഉടനെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തുവിൻ.
സഹോദരാ, കുറച്ചുദിവസം നീ ഞങ്ങളുടെകൂടെ താമസിച്ച് എല്ലാ കാര്യങ്ങളും വിശദമായി പറഞ്ഞുതരണം.
അതിനു സന്തോഷമേയുള്ളൂ.


യേശുവിൽ വിശ്വസിക്കുന്നവർ ആദ്യം പരിഛേദനം സ്വീകരിച്ച് യഹൂദരായിത്തീരണം എന്ന് ജറുസലെമിലെ ഒരു വിഭാഗം ക്രൈസ്തവർ വിശ്വസിച്ചിരുന്നു. "യേശുവിന്റെ സഹോദരൻ" എന്നറിയപ്പെട്ടിരുന്ന യാക്കോബായിരുന്നു അവരുടെ നേതാവ്.
പത്രോസ്, നീ വിജാതീയരുടെ വീടുകളിൽ പോവുകയും അവരോടൊത്ത് ഭക്ഷണം കഴിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?
പരിഛേദനം സ്വീകരിക്കാത്ത വിജാതീയരെ സ്നാനപ്പെടുത്തി ശിഷ്യഗണത്തിൽ ചേർക്കുന്നു എന്നതു ശരിയാണോ?
വിജാതീയർ അശുദ്ധരാണ്. അവരോടു കൂട്ടുകൂടുന്നവരും അശുദ്ധരാകുമെന്ന് നിനക്കറിയില്ലേ?
എല്ലാം ഞാൻ വിശദമായി പറയാം. അതിനുശേഷം നിങ്ങൾ തീരുമാനിക്കുവിൻ.


കേസറിയായിലെ സംഭവം വിശദീകരിച്ചതിനുശേഷം
ദൈവം പരിശുദ്ധാത്മാവിനെ അവർക്കു നല്കിയപ്പോൾ ദൈവത്തെ തടയാൻ ഞാൻ ആര്?



രക്ഷ യഹൂദർക്കു മാത്രമല്ല, വിജാതീയർക്കും ഉള്ളതാണെന്ന് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിച്ചിരിക്കുന്നു.
പക്ഷേ, അവരും പരിഛേദനം സ്വീകരിക്കുകയും നിയമം മുഴുവൻ പൂർണ്ണമായി അംഗീകരിക്കുകയും വേണം.

അറേബ്യയിലേക്കു പോയ സാവൂൾ കുറച്ചുനാൾകഴിഞ്ഞ് ഡമാസ്കസിൽ തിരിച്ചെത്തി. യേശു ദൈവപുത്രനാണെന്ന് സിനഗോഗുകളിൽ പഠിപ്പിക്കാൻ തുടങ്ങി. ഒരു ദിവസം










ജറുസലെമിൽ എത്തിയ സാവൂളിനെ ക്രൈസ്തവർക്കു ഭയമായിരുന്നു. അവന്റെ മാനസാന്തരത്തിൽ അവർ വിശ്വസിച്ചില്ല. ബർണാബാസ് എന്ന ശിഷ്യൻ അവനെ അപ്പസ്തോലന്മാരുടെ അടുക്കൽ കൊണ്ടുവന്നു.
യേശുവിന്റെ ശിഷ്യരെ പീഡിപ്പിച്ചിരുന്ന സാവൂളല്ലേ ഇത്!
അതെ. യേശുവിനെ എനിക്കറിയില്ലായിരുന്നു. എന്നാൽ അവനെ നേരിൽ കണ്ടതോടെ എല്ലാം മാറി. കർത്താവിനുവേണ്ടി സമർപ്പിച്ചതാണ് ഇനിയുള്ള എന്റെ ജീവിതം.
നീ കർത്താവിനെ കണ്ടെന്നോ?
ബർണാബാസ് സാവൂളിന്റെ അനുഭവങ്ങൾ വിവരിച്ചതിനുശേഷം
ഡമാസ്കസിൽ യേശുവിനെക്കുറിച്ചു പ്രസംഗിച്ചതിനാൽ യഹൂദർ ഈ സഹോദരനെ കൊല്ലാൻ ശ്രമിച്ചു. അവിടെ നിന്നു കഷ്ടിച്ചാണു രക്ഷപ്പെട്ടത്.
ശത്രുവിനെ സ്നേഹിച്ചു ശിഷ്യനാക്കുന്ന കർത്താവേ, അങ്ങേയ്ക്കു സ്തോത്രം.
സഹോദരാ, നിനക്കു സ്വാഗതം. ശിഷ്യസമൂഹത്തോടു നിന്റെ അനുഭവങ്ങൾ വിവരിക്കണം. ഞങ്ങൾ എല്ലാവരെയും അറിയിക്കാം.


സാവൂൾ ജറുസലെമിൽ ചുറ്റി നടന്ന് യേശുവിന്റെ നാമത്തിൽ പ്രസംഗിച്ചു. വാദത്തിൽ തോല്പിക്കാൻ കഴിയാതെ വന്നപ്പോൾ യഹൂദർ അവനെ കൊല്ലാൻ തീരുമാനിച്ചു.
സഹോദരാ, സാവൂൾ, നിന്റെ ജീവൻ സഭയ്ക്കു വിലപ്പെട്ടതാണ്. നീ ജറുസലെമിൽനിന്നു പോകുന്നതാണു നല്ലത്.
എന്റെ ജീവൻ വിലപ്പെട്ടതായി ഞാൻ കരുതുന്നില്ല. എന്നാൽ കർത്താവ് അയയ്ക്കുന്നത് എവിടേക്കായാലും പോകാൻ ഞാൻ തയ്യാറാണ്.
തല്ക്കാലം ടാർസൂസിലേക്കു പോവുക. അവിടെയും കർത്താവിനു സാക്ഷ്യം വഹിക്കാമല്ലോ.
ബർണാബാസ്, കേസറിയാവരെ നീയും അനുഗമിക്കൂ!
സാവൂൾ കേസറിയായിൽനിന്നും കപ്പൽ കയറി തന്റെ ജന്മദേശമായ താർസോസിലേക്കു പോയി.

ഹേറോദേസ് മഹാരാജാവിന്റെ പൗത്രനായ ഹേറോദേസ് അഗ്രിപ്പാ – I പലസ്തീനാ മുഴുവന്റെയും രാജാവായി. യഹൂദരെ പ്രീതിപ്പെടുത്താൻ വേണ്ടി അയാൾ ജറുസലെമിലെ ക്രൈസ്തവരെ പീഡിപ്പിച്ചു. സെബദീപുത്രനായ യാക്കോബിനെ വധിച്ചു. പത്രോസിനെ തടവറയിലാക്കി. ഒരു രാത്രി–




ചങ്ങലകൾ അഴിഞ്ഞുവീണു. വാതിലുകൾ താനെ തുറന്നു.













ഇതുവരെ യഹൂദരുടെ ഇടയിലാണ് മുഖ്യമായും സുവിശേഷം പ്രസംഗിക്കപ്പെട്ടത്. തുടർന്ന് വിജാതീയരുടെ മധ്യത്തിൽ യേശുവിനു സാക്ഷ്യം വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്റെ പ്രവർത്തനങ്ങൾ –

**അകലങ്ങളിലേക്ക്**

MAR LOUIS PUBLICATIONS




MLBC-47

# അകലങ്ങളിലേക്ക്

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com